ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

നമ്പർ. കെ.4/9163/റ്റിസി/2016

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 28·04·2016

## സർക്കുലർ 15/2016

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — പണം അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകൾ (Proceedings) നൽകുമ്പോൾ ശ്രദ്ധിയ്ക്കേണ്ട കാര്യങ്ങൾ - സംബന്ധിച്ച്

സൂചന :- സർക്കാരിൽനിന്നും 04-04-2016 തീയതിയിലുള്ള ജി.ഒ(പി) നമ്പർ 46/2016/ഫിൻ നമ്പർ ഉത്തരവ്

സൂചനപ്രകാരമുള്ള സർക്കാർ ഉത്തരവിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. 2016 ഏപ്രിൽ മാസം മുതൽ 2000/- രൂപ വരെയുള്ള ബില്ലുകൾ Cash (തുക) ആയി തരുമെന്നും 2001 മുതൽ 10,000/- രൂപ വരെയുള്ള ബില്ലുകൾ DDO (Drawing and Disbursing Officer) യുടെ പേരിൽ TSB Account ആരംഭിച്ച് അതിൽ നിക്ഷേപിച്ച് Treasury Cheque ആയി ബന്ധപ്പെട്ടവർക്ക് നൽകണമെന്നും 10,000/- രൂപയ്ക്ക് മുകളിലുള്ള തുക ബന്ധപ്പെട്ടവരുടെ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിയ്ക്കണമെന്നും ഉത്തരവിൽ പറയുന്നുണ്ട്. ആയതിനാൽ 2016 ഏപ്രിൽ മാസം മുതൽ വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ സർക്കാർ ഹെഡിൽ നിന്നും തുക അനുവദിയ്ക്കുന്ന ഉത്തരവുകൾ നൽകുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

1. എല്ലാ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരും അവരുടെ പേരിൽ ഒരു TSB Account തുടങ്ങേണ്ടതാണ്.
2. 2000/- രൂപ വരെയുള്ള തുകകൾ Cash ആയി ബന്ധപ്പെട്ടവർക്ക് നൽകണം എന്ന വ്യവസ്ഥ
3. 2001 മുതൽ 10,000 വരെയുള്ള തുകകൾ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറുടെ TSB അക്കൗണ്ടിലേയ്ക്ക് മാറ്റണമെന്നും ബന്ധപ്പെട്ടവർക്ക് Treasury Cheque ആയി നൽകണമെന്നുമുള്ള വ്യവസ്ഥ
4. 10,000/- രൂപയ്ക്ക് മുകളിലുള്ള തുകകൾ ബന്ധപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് Transfer Credit ചെയ്യണമെന്ന വ്യവസ്ഥ. ഇതിനായി വ്യക്തികളുടെ/സ്ഥാപനമേധാവികളുടെ അക്കൗണ്ട് നമ്പറും ഐ.എഫ്.എസ് കോഡും Proceedings —ൽ ഉൾപ്പെടുത്തേണ്ടതാണ്.
5. തുകകൾ ഒരു കാരണവശാലും ഡി.ഡി ആയി നൽകുവാൻ Proceedings —ൽ നിർദ്ദേശിയ്ക്കുവാൻ പാടുള്ളതല്ല.

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ/റീജിയണൽ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മേൽ നിർദ്ദേശങ്ങൾ പാലിച്ച ശേഷം മാത്രമേ ബില്ലുകൾ ഓൺലൈൻ ആയി സമർപ്പിക്കുവാൻ പാടുള്ളൂ.

അലോട്ട്മെന്റുകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട Password-കൾ (BAMS) ഉടൻ അറിയിക്കുന്നതാണ്.

(ഒപ്പ്)

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

സിഡി